# CAREER Updates
# പത്രവൃത്താന്തം

12.08.2024 (തിങ്കൾ)



⇨ 2024-ലെ പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ സ്ഥാനം

✔ 71

- 5 വെങ്കലവും 1 വെള്ളിയുമടക്കം 6 മെഡലുകളാണ് പാരീസ് ഒളിമ്പിക്സിൽ ഇന്ത്യ സ്വന്തമാക്കിയത്. ആറ് മത്സര ഇനങ്ങളിൽ ഇന്ത്യ നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.
- പാരീസ് ഒളിമ്പിക്സിൽ ഒന്നാം സ്ഥാനം നേടിയ രാജ്യം അമേരിക്കയാണ്. 40 സ്വർണ്ണവും 44 വെള്ളിയും 42 വെങ്കലവുമടക്കം 126 മെഡലുകളാണ് അമേരിക്കയ്ക്ക് ലഭിച്ചത്. രണ്ടാം സ്ഥാനത്തുള്ള ചൈന ആകെ 91 മെഡലുകൾ (40 സ്വർണ്ണം, 27 വെള്ളി, 24 വെങ്കലം) നേടി. 20 സ്വർണ്ണവും 12 വെള്ളിയും 13 വെങ്കലവുമടക്കം 45 മെഡലുകൾ നേടിയ ജപ്പാൻ ആണ് മൂന്നാം സ്ഥാനത്ത്.

⇨ 2024-ലെ പാരീസ് ഒളിമ്പിക്സിൽ ആദ്യമായി ഉൾപ്പെടുത്തിയ ഇനമായ ബ്രേക്ക് ഡാൻസിൽ സ്വർണ്ണം നേടിയ രാജ്യം

✔ ജപ്പാൻ

⇨ 2024 ആഗസ്റ്റിൽ ബംഗ്ലാദേശിന്റെ 25-ാമത് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്

✔ സയിദ് റെഫാത് അഹമ്മദ്

⇨ 2024 ആഗസ്റ്റിൽ അന്തരിച്ച കൊച്ചിയിൽ ജീവിച്ചിരുന്ന അവസാന ജൂത വനിത

✔ ക്വീനി ഹലേഗ്വ

⇨ ഓൺലൈൻ വഴി പ്രചരിക്കുന്ന വ്യാജവാർത്തകളും സമൂഹ മാധ്യമങ്ങളിലെ ദുരുദ്ദേശ്യത്തോടെ യുള്ള ഉള്ളടക്കങ്ങളും തിരിച്ചറിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ഇത്തരം വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ച ലോകരാജ്യം

✔ ബ്രിട്ടൺ

⇨ പഠനത്തിൽ മിടുക്കരായ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി കേരള സാമൂഹിനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

✔ വിജയാമൃതം

⇨ 2024 ആഗസ്റ്റിൽ ടുണീഷ്യയുടെ പ്രധാനമന്ത്രിയായി നിയമിതനായത്

✔ കമൽ മദൂരി

⇨ 2024 ആഗസ്റ്റിൽ തിരുവനന്തപുരത്ത് സ്ഥാപിക്കപ്പെട്ട മുൻ കേരള മുഖ്യമന്ത്രി സി. അച്യുതമേനോന്റെ പ്രതിമ നിർമ്മിച്ച ശില്പി

✔ ഉണ്ണി കാനായി

⇨ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻഷുറൻസ് സ്കീം ആരംഭിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം

✔ നാഗാലാന്റ്

⇨ 2024-ലെ ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ വേൾഡ് കപ്പ് ഫൈനലിന് വേദിയാകുന്ന രാജ്യം

✔ ഇന്ത്യ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999